"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊവിവ-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്)യോഗ്യത ഭേദഗതി- ഉത്തരവ് തീയതി വരെ ബിരുദം നേടിയവരെയും 43,51 എ,51 ബി അവകാശം സിദ്ധിച്ചവരെയും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്**

സ.ഉ.(കൈ) നം.118/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 08/08/2019

---

പരാമർശം:- 1 സ.ഉ (കൈ) നം. 58/2019/പൊവിവ തീയതി 06-06-2019

2 സ.ഉ (കൈ) നം. 73/2019/പൊവിവ തീയതി 26-06-2019

3 26-7-2019 ലെ എച്ച്(3)/28387/19/ഡി.ജി.ഇ നമ്പരായ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത്

4 26-7-2019 ലെ പ്രോഗ്രാം4/2992/19/എസ്.സി.ഇ.ആർ.ടി നമ്പരായ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ കത്ത്

**<u>ഉത്തരവ്</u>**

ഫിസിക്സ്/കെമിസ്ട്രി മെയിൻ ആയും അതോടൊപ്പം ഫിസിക്സ്/കെമിസ്ട്രി സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന് 06/06/2019 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്നു പരാമർശം രണ്ട് ഉത്തരവ് പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ പരാമർശം ഒന്ന് ഉത്തരവ് തീയതി വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ രണ്ടും കൂടി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസിൽ ബി എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും, എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 43,51 എ, 51 ബി അവകാശികളെയും ഈ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന അപേക്ഷകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുകളിൽ പരാമർശിച്ച നാല്,അഞ്ച് റിപ്പോർട്ടുകൾ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറും എസ്.സി.ഇ.ആർ.ടി ഡയറക്ടറും നല്കിയ ശുപാർശകൾ അടിസ്ഥാനമാക്കി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്ന് ഉത്തരവ് തീയതിയായ 06.06.19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും ഒന്നു മാത്രം ഉപവിഷയമായി പഠിച്ച് ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ ബിരുദം

നേടിയവരെയും 06.06.19 –ന് ഇതേ രീതിയിൽ പ്രസ്തുത കോഴ്സ് പഠിച്ചുവരുന്നവരെയും 06.06.19-നോ അതിനുള്ളിലോ കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 43,51എ,51 ബി അവകാശം സിദ്ധിച്ചവരെയും പരാമർശം ഒന്ന് ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാന്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (ഡിപിഐ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനായി
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സെക്രട്ടറിയുടെ പി.എ ക്ക്.
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by GANGA G R
Date: 2019.06.06 15:58:51 IST
Reason: Approved
സെക്ഷൻ ഓഫീസർ